07/01/22

31/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 350(6)/2021 എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3004/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 31.12.2021**

ശ്രീ. മോഹനൻ കെ.എം.,
കുടിലിൽ,
നീല്ലൂർ പി.ഒ,
കോട്ടയം – 686 651. — അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സെക്രട്ടറി,
കടനാട് ഗ്രാമപഞ്ചായത്ത്,
കടനാട് പി.ഒ,
കോട്ടയം – 686 653
2. അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
കോട്ടയം.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 06/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 28/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/11/2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23/02/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26/02/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15/04/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/05/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 23/12/2021<br>PWD റസ്റ്റ് ഹൗസ്, കോട്ടയം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി (പ്രതിനിധി) |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മോഹനൻ കെ.എം, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 06.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കടനാട് ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്ന ആളുകളുടെ പേരും, വിലാസവും ഫോൺ നമ്പറും ലഭ്യമാക്കുന്നതിനാണ്.

3. ഹർജിക്കാരന്റെ 06.10.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 28.10.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 7.11.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയത് 30.11.2020 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 22.04.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം സെക്ഷൻ 8(j) പ്രകാരം നൽകേണ്ടതില്ല എന്ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതാണെന്നും ആയത് തൃപ്തികരമല്ലാത്തതിനാലാണ് ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും ആയതിന് ഒന്നാം എതിർകക്ഷി നൽകിയ വിശദീകരണത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തിഗതമായതിനാലും, അതിന്റെ വെളിപ്പെടുത്തൽ പൊതുതാൽപര്യവുമായോ, പൊതു പ്രവർത്തനവുമായോ യാതൊരു ബന്ധവുമില്ലാത്തതിനാലും, ആയത് വെളിപ്പെടുത്തുന്നത് സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റവും വിവരാവകാശ നിയമം സെക്ഷൻ 8(j) യുടെ ലംഘനവുമായതിനാലാണ് വിവരങ്ങൾ നൽകാതിരുന്നതെന്നാണ്. ടിയാന്റെ അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടി

തൃപ്തികരമല്ലായെന്നും അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നത് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉപഭോക്താക്കളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമോ, വിവരാവകാശ നിയമം സെക്ഷൻ 8(j) യുടെ ലംഘനമോ അല്ലായെന്നും ടി വിവരങ്ങൾ തദ്ദേശസ്വയംഭരണ (പി.എസ്) വകുപ്പിന്റെ 30.12.2013 തീയതിയിലെ 78703/പിഎസ്1/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ് എന്ന് അപേക്ഷകന് മറുപടി നൽകാമായിരുന്നെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ ലഭ്യമായവ അപ്പീൽ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം സി.ഡി.യിലാക്കി സൗജന്യമായി അപ്പീൽവാദിയ്ക്ക് നൽകണമെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി 30.11.2020 ൽ അപ്പീൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. 23.12.2021 ൽ കമ്മീഷൻ കോട്ടയം റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരൻ ഹിയറിംഗിൽ പങ്കെടുക്കുകയോ പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സി.ഡി.യിലാക്കി സൗജന്യമായി അപ്പീൽവാദിയ്ക്ക് അപ്പീൽ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം നൽകണമെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകികൊണ്ട് 30.11.2020 ൽ അപ്പീൽ ഉത്തരവായിട്ടും ടിയാന് വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുടെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചയായി കമ്മീഷൻ കാണുന്നു. അപ്പീൽ അധികാരിയുടെ വിധിയിൽ നിയമോപദേശം തേടി വിവരാവകാശ കമ്മീഷന് 18.12.2020 ൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. കത്ത് നൽകിയിട്ടുള്ളതായി ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നു. ഒന്നാം അപ്പീലധികാരി ഉത്തരവിൽ പറഞ്ഞ പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സി.ഡി.യിലാക്കി സൗജന്യമായി അപ്പീൽവാദിയ്ക്ക് ഈ ഉത്തരവ് ലഭിച്ച് 5 ദിവസങ്ങൾക്കകം നൽകേണ്ടതാണെന്നും ആ വിവരം കമ്മീഷനിൽ

രേഖാമൂലം അറിയിക്കേണ്ടതുമാണെന്ന് നിലവിലെ എസ്.പി.ഐ.ഒ യോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 31-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm